**പതിനാലാം കേരള നിയമസഭ**
**പതിനാറാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 5374** **15.11.2019 ൽമറുപടിയ്ക്ക്**

## കെ.എസ്.ആർ.ടി.സി, സ്വകാര്യ ബസുകളിലെ നിയമലംഘനങ്ങൾ

| ചോദ്യം<br>ശ്രീ.പി.കെ.ബഷീർ | | മറുപടി<br>ശ്രീ.എ.കെ.ശശീന്ദ്രൻ<br>(ഗതാഗത വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് കെ.എസ്.ആർ.ടി.സി, സ്വകാര്യ ബസുകളിൽ സീറ്റുകൾ തമ്മിലുള്ള അകലം വളരെ കുറവായതിനാൽ കയറി ഇരിക്കുന്നതിനും, ഇറങ്ങുന്നതിനും വളരെ യധികം പ്രയാസമനുഭവപ്പെടുന്ന എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ; | (എ) | 01.10.2017 –ന് മുൻപ് രജിസ്റ്റർ ചെയ്തിട്ടുള്ള സ്റ്റേജ് കാര്യേജുകളിൽ സീറ്റുകൾ തമ്മിലുള്ള അകലം ക്രമീകരിച്ചിരിക്കുന്നത് കേരള മോട്ടോർ വാഹന ചട്ടം 267 അനുസരിച്ചാണ്. മുന്നിലെ സീറ്റിന്റെ പിൻഭാഗത്തു നിന്നും തൊട്ടു പുറകിലുള്ള സീറ്റിന്റെ പിൻഭാഗം വരെ 68 സെന്റീമീറ്റർ 5 മില്ലീമീറ്ററിൽ നിന്നും കുറയാത്ത അകലം ഉണ്ടായിരിക്കണമെന്ന് മാത്രമാണ് നിഷകർഷിച്ചിരിക്കുന്നത്. ആയതിനാൽ ഈ ഏറ്റവും കുറഞ്ഞ അകലത്തിലായിരിക്കാം സീറ്റുകൾ ഘടിപ്പിച്ചിട്ടുള്ളത്. ഇത് ചിലപ്പോൾ ഉയരം കൂടിയ യാത്രക്കാർക്ക് ബുദ്ധിമുട്ട് ഉണ്ടാക്കാറുണ്ട്. 01.10.2017 –ന് മുൻപുള്ള ബസ്സുകളിലാണ് ഈ പ്രയാസം കണ്ടു വരുന്നത്.<br>പുതിയ ബസ് ബോഡി കോഡ് പ്രകാരം AIS-052(Rev-1) അനുസരിച്ചുള്ള അളവുകളും നിബന്ധനകളും പാലിച്ചു മാത്രമെ ബോഡികൾ നിർമ്മിക്കാൻ സാധിക്കുകയുള്ളൂ. ആയതിനാൽ 01/10/2017 മുതൽ ബോഡി നിർമ്മിക്കുന്ന ബസ്സുകൾക്ക് സീറ്റുകൾ തമ്മിലുള്ള അകലം കുറഞ്ഞ തായുള്ള പ്രശ്നം ഉണ്ടാകുകയില്ല. |
| (ബി) | എങ്കിൽ മോട്ടോർ വാഹന നിയമപ്രകാരം സീറ്റുകൾ ക്രമീകരിക്കേണ്ട വിധം, സീറ്റുകൾ തമ്മിലുള്ള അകലം, വാതിലുകളുടെ ക്രമീകരണം, മറ്റ് സുരക്ഷാ മാനദണ്ഡങ്ങൾ ഇവ എന്തെല്ലാമാണ്; വെളിപ്പെടുത്തുമോ; | (ബി) | 01/10/2017-ന ശേഷം AIS-052(Rev-1) അനുസരിച്ചാണ് ബസ്സ് ബോഡി നിർമ്മിക്കുന്നത്. ഈ ഉത്തരവിൽ ബസ്സ് ബോഡി നിർമ്മിക്കുന്നതിന്റെ എല്ലാ സാങ്കേതിക വിവരങ്ങളും, സുരക്ഷാ മാനദണ്ഡങ്ങളും നിഷ്ക്കർഷിച്ചിരിക്കുന്നു. എങ്കിലും ഒരു കേന്ദ്ര ഗവൺമെന്റ് ടെസ്റ്റിംഗ് ഏജൻസി നൽകുന്ന അംഗീകാരമുള്ള വർക്ക് ഷോപ്പുകളിൽ നിർമ്മിക്കുന്ന ഒരു ബസ്സ് ബോഡി വീണ്ടും ടെസ്റ്റിംഗ് ഏജൻസിയിൽ ഹാജരാക്കി അംഗീകാരം വാങ്ങിയാൽ മാത്രമെ രജിസ്റ്റർ ചെയ്യാൻ സാധിക്കുകയുള്ളൂ. ഇത്തരം ബസ്സുകളിൽ സീറ്റുകളുടെ അകലവും, വാതിലുകളുടെ ക്രമീകരണവും, മറ്റുള്ള സുരക്ഷാ |

| | | | |
|---|---|---|---|
| | | | മാനദണ്ഡങ്ങളും അനുസരിച്ചാണോ ബോഡി നിർമ്മിച്ചിരിക്കുന്നത് എന്ന് പരിശോധിക്കുന്നതും ആയതിന് അനുമതി നൽകുന്നതും കേന്ദ്ര സർക്കാർ അംഗീകാരമുള്ള ഏജൻസികളാണ്. |
| (സി) | പെർമിറ്റ് അനുവദിക്കുമ്പോഴും പിന്നീട് പുതുക്കുമ്പോഴും റീടെസ്റ്റ് നടത്തുമ്പോഴും വാഹന പരിശോധന വേളകളിലും ഇക്കാര്യങ്ങൾ അടിസ്ഥാനപ്പെടുത്തിയാണോ പരിശോധന നടത്തുന്നത്; | (സി) | അതെ. |
| (ഡി) | എങ്കിൽ ഇത്തരം നിയമലംഘനങ്ങളുടെ പേരിൽ എത്ര വാഹനങ്ങളുടെ പെർമിറ്റുകൾ റദ്ദാക്കിയിട്ടുണ്ട്; ആർ.ടി.ഒ തിരിച്ച് വിശദാംശം നൽകുമോ; | (ഡി) | ഇത്തരം നിയമലംഘനങ്ങളുടെ പേരിൽ വാഹനങ്ങളുടെ പെർമിറ്റുകൾ ഒന്നും തന്നെ റദ്ദാക്കിയിട്ടില്ല. |
| (ഇ) | ഇക്കാര്യത്തിൽ പരിശോധന കർശനമാക്കുന്നതിന് ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകുമോ? | (ഇ) | ഇക്കാര്യത്തിൽ പരിശോധന കർശനമാക്കുന്നതിന് ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**